# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1934** **06.07.2015-ൽ മറുപടിയ്ക്ക്**

**സ്വന്തം ആവശ്യാർത്ഥം തേക്ക് മരം മുറിക്കുന്നതിനും വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനുമുള്ള നിയന്ത്രണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) ഒരു കർഷകന് സ്വന്തം ഭൂമിയിലെ തേക്ക് മരം സ്വന്തം ആവശ്യാർത്ഥം മുറിക്കുന്നതിനും മില്ലുകളിലേക്കോ ഫർണീച്ചർ നിർമ്മാണ യൂണിറ്റിലേക്കോ വാഹനങ്ങളിൽ കൊണ്ടു പോകുന്നതിനും എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലവിലുള്ളത് ; | (എ) 2011-ലെ കേരള വൃക്ഷം വളർത്തൽ പ്രോൽസാഹന നിയമത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഒരു കർഷകൻ സ്വന്തം ഭൂമിയിലെ തേക്ക് മരം മുറിക്കേണ്ടതും വാഹനത്തിൽ കടത്തിക്കൊണ്ടു പോകേണ്ടതും. ഈ നിയമ പ്രകാരം കേരളത്തിലെ 50 വില്ലേജുകളെ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. വിജ്ഞാപനം ചെയ്ത ടി 50 വില്ലേജുകളിലെ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വനം റെയിഞ്ചാഫീസറിൽ നിന്നും ഉടമസ്ഥൻ അനുവാദം വാങ്ങേണ്ടതാണ്. ടി 10 മരങ്ങളിൽ തേക്ക് മരം ഉൾപ്പെടും.<br><br>വിജ്ഞാപനം ചെയ്തിരിക്കുന്ന ടി 50 വില്ലേജുകളിൽപ്പെട്ട സ്വകാര്യഭൂമിയിലെ തേക്ക് മരമാണ് മുറിച്ച് കടത്തിക്കൊണ്ട് പോകേണ്ടതെങ്കിൽ, ടി മരം മുറിക്കുന്നതിന് മുൻപായി ഉടമസ്ഥൻ ടി നിയമത്തിന്റെ റൂൾ 4(1) & (4) പ്രകാരമുള്ള ഒരു പ്രതിജ്ഞാപത്രം ( Form II) ബന്ധപ്പെട്ട റെയിഞ്ചാഫീസർക്ക് നൽകി അനുമതി വാങ്ങേണ്ടതാണ്. ടി അനുമതി |

ലഭിച്ച ശേഷം തേക്ക് മരം മുറിക്കാവുന്നതാണ്. മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ട് പോകുന്ന തിന്, ടി പ്രതിജ്ഞാപത്രത്തിന്റെ അടിസ്ഥാനത്തിൽ റെയിഞ്ചാഫീസർ നൽകുന്ന കടത്ത് പെർമിറ്റിന്റെ [(Form-III) Rule 4(6)] അടിസ്ഥാനത്തിൽ, മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തി ക്കൊണ്ടു പോകാവുന്നതാണ്. തേക്ക് മരം കടത്തിക്കൊണ്ടുപോകുന്ന സമയം ടി കടത്ത് പെർമിറ്റ് ഒപ്പം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

ടി നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിൽപ്പെടാത്ത സ്വകാര്യ ഭൂമിയിലെ തേക്ക് മരം മുറിക്കുന്നതിന് മുൻപ് ഉടമസ്ഥൻ ടി നിയമത്തിന്റെ റൂൾ (3) പ്രകാരമുള്ള പ്രതിജ്ഞാപത്രം (Form-I) ബന്ധപ്പെട്ട റെയിഞ്ചാഫീസിൽ നൽകി റെയിഞ്ചാ ഫീസറുടെ കൈപ്പറ്റ് വാങ്ങേണ്ടതാണ്. ടി കൈപ്പറ്റിന്റെ അടിസ്ഥാനത്തിൽ തേക്ക് മരം മുറിക്കാവുന്നതാണ്. മുറിച്ച മരം കടത്തിക്കൊണ്ട് പോകുന്ന സമയത്ത് ടി കൈപ്പറ്റ് ഒപ്പം കരുതേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽപ്പെട്ട മരം വാഹന ങ്ങളിൽ കൊണ്ടു പോകുമ്പോൾ ഉണ്ടായിരിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാ ക്കുമോ? ; | (ബി) | വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിലെ സ്വകാര്യ ഭൂമികളിൽ നിന്നും മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ടു പോകുമ്പോൾ, ബന്ധ പ്പെട്ട റെയിഞ്ചാഫീസർ നൽകിയ കടത്ത് പെർമിറ്റ് (Form-III) ടി വാഹനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. |

വിജ്ഞാപനം പുറപ്പെടുവിച്ച 50 വില്ലേജുകളിൽപ്പെടാത്ത സ്വകാര്യ ഭൂമികളിൽ നിന്നും മുറിച്ച തേക്ക് മരം വാഹനത്തിൽ കടത്തിക്കൊണ്ടുപോകുമ്പോൾ, ബന്ധപ്പെട്ട റെയിഞ്ചാഫീസർ കൈപ്പറ്റിയ പ്രതിജ്ഞാപത്രം (Form-I)-ന്റെ പകർപ്പ് ടി വാഹനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ.